ഈറ്റ വ്യവസായം നേരിടുന്ന പ്രതിസന്ധി

121 [2597] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഈറ്റത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈറ്റ വ്യവസായം മെച്ചപ്പെടുത്തുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) ഈറ്റ വ്യവസായത്തിൽ എത്ര തൊഴിലാളികളാണ് ഏർപ്പെട്ടിട്ടുള്ളതെന്ന് പറയാമോ;

(ഡി) പ്രസ്തുത വ്യവസായത്തിനാവശ്യമായ അസംസ്കൃത ഈറ്റയും മുളയും കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുവാനും അവർക്ക് ന്യായമായ വില ലഭ്യമാക്കുവാനും ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുവാനും നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അസംസ്കൃത ഈറ്റയ്ക്ക് സർക്കാർ സീനിയറേജ് ഈടാക്കുന്നില്ല. ബാംബൂ പ്ലൈയ്ക്ക് കുറഞ്ഞ നിരക്കിലുള്ള വില്പന നികുതി ബാംബൂ കോർപ്പറേഷനു മാത്രം നിജപ്പെടുത്തിയിരിക്കുന്നു.

(സി) ഈറ്റ വ്യവസായത്തിനു ഏകദേശം ഒരു ലക്ഷത്തോളം തൊഴിലാളികൾ ഏർപ്പെട്ടിട്ടുണ്ട്.

(ഡി) ഈറ്റ വ്യവസായത്തിനാവശ്യമായ ഈറ്റ തൊഴിലാളികൾക്ക് സഹായ നിരക്കിൽ കൊടുക്കുന്നു. തന്മൂലം ഒരു കോൽ ഈറ്റയിന്മേൽ കോർപ്പറേഷന് 1 രൂപ 80 പൈസ നഷ്ടം വരുന്നുണ്ട്. തൊഴിലാളികൾ കൊണ്ടുവരുന്ന പനമ്പിന് ന്യായമായ വിലയും കൊടുക്കുന്നുണ്ട്.

ആത്മഹത്യ ചെയ്ത കശുവണ്ടിത്തൊഴിലാളികൾ

122 [2598] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി മേഖലയിലെ തൊഴിലില്ലായ്മമൂലം കശുവണ്ടി വികസന കോർപ്പറേഷനിലെ എത്ര ജീവനക്കാർ ഇതിനകം ആത്മഹത്യ ചെയ്തു എന്ന് വെളിപെടുത്തുമോ;

(ബി) ഇവർ ഏതെല്ലാം ഫാക്ടറികളിലെ തൊഴിലാളികളാണെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി) തൊഴിലില്ലായ്മമൂലം കശുവണ്ടി വികസന കോർപ്പറേഷനിലെ ആരും ആത്മഹത്യ ചെയ്തതായി കോർപ്പറേഷൻ റിപ്പോർട്ട് ചെയ്തിട്ടില്ല. എന്നാൽ കോർപ്പറേഷന്റെ 20-ാം നമ്പർ ഇളമ്പത്തൂർ ഫാക്ടറിയിലെ ഒരു തൊഴിലാളി സാമ്പത്തിക ബുദ്ധിമുട്ടുമൂലം ആത്മഹത്യ ചെയ്തതായി അറിയുന്നു.

സംസ്ഥാന വ്യവസായോല്പന്ന വിപണന കോർപ്പറേഷൻ

123 [2599] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറ്റാനിയത്തിന്റെ ഉല്പന്നങ്ങൾ ഇന്ത്യ മുഴുവൻ വിറ്റഴിച്ചിരുന്ന സംസ്ഥാന വ്യവസായോല്പന്ന വിപണന കോർപ്പറേഷനെ ആ ചുമതലയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതൽ; ഇപ്രകാരം ഒഴിവാക്കിയതിനുള്ള കാരണം എന്തെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇപ്പോൾ വിപണനം നടത്തുന്നത് ആരാണ്;

(സി) പുതിയ വിപണന സമ്പ്രദായം ആവിഷ്കരിച്ചതിനുശേഷം വില്പനയുടെ കാര്യത്തിൽ എന്തു മാറ്റമാണ് ഉണ്ടായിട്ടുള്ളത്; വില്പനയിൽ കുറവ് ഉണ്ടായിട്ടുണ്ടെങ്കിൽ പഴയ വില്പന സമ്പ്രദായം പുനഃസ്ഥാപിക്കുന്ന കാര്യം പരിഗണിക്കാമോ;

(ഡി) സംസ്ഥാന വ്യവസായോല്പന്ന വിപണന കോർപ്പറേഷനിലെ തൊഴിലാളികളെ ടി.ടി.പി.-യുടെ മാർക്കറ്റിംഗ് വിംഗിലേക്ക് പുനർവിന്യാസം ചെയ്യുന്ന കാര്യം പരിഗണിക്കാമോ?

ഉത്തരം

(എ) ഉണ്ട്. വിപണനത്തിൽ വന്ന കുറവുമൂലം കഴിഞ്ഞ രണ്ടു വർഷത്തോളം കോടിക്കണക്കിനു രൂപ വിലമതിക്കുന്ന ഉല്പന്നങ്ങൾ കെട്ടിക്കിടക്കുകയും അതുമൂലം ഉല്പാദനം ഗണ്യമായി വെട്ടിക്കുറയ്ക്കേണ്ടിവരികയും ചെയ്ത സാഹചര്യത്തിലാണ് ഉല്പന്നവില മത്സരക്ഷമതയുള്ളതാക്കുന്നതിനായി 2003 മാർച്ച് മാസം ഏഴാം തീയതി മുതൽ ട്രാവൻകൂർ ടൈറ്റാനിയത്തിന്റെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്ന ചുമതലയിൽനിന്ന് സംസ്ഥാന വ്യവസായോല്പന്ന വിപണന കോർപ്പറേഷനെ ഒഴിവാക്കിയത്.

(ബി) ടി.ടി.പി. ഇപ്പോൾ നേരിട്ടാണ് വിപണനം നടത്തുന്നത്.

(സി) പുതിയ വിപണന സമ്പ്രദായം ആവിഷ്കരിച്ചതിനുശേഷം മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ വിൽപ്പന താരതമ്യേന കുറവായിരുന്നുവെങ്കിലും കമ്പനി തുടങ്ങിയതിന് ശേഷമുള്ള ഏറ്റവും ഉയർന്ന പ്രതിമാസ വിപണനം ഇക്കഴിഞ്ഞ ജൂൺ മാസത്തിൽ നേടി.

(ഡി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly